# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

നമ്പർ..ഇഎസ് 2/56044/2016/ആവഡ തീയതി.19/04/2016

## നോട്ടീസ്

വിഷയം: ആവഡ- സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ. യു.സി.പൊന്നുസ്വാമിയെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:
1.A2/2329/16/DMO(H) PKD Dt.19/02/2016
2.PR(4)2110/84/KPSC PKD. Dt.25/10/1986
3.A2/20960/1986/DMO(H) PKD Dt.18/11/1986
4.A2/6608/92/DMO(H) PKD Dt.15/04/ 1996
5.O&M2/78765/89/DHS Dt.17/04/1991
6.Order No.ED1/03/2006/DHS Dt.25/01/2007
7. This office order even no. Dt.15/12/2014

സീനിയർ ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പാലക്കാട് ഷോളയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.യു.സി.പൊന്നുസ്വാമി സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവീസ് വിവരങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീ.യു.സി.പൊന്നുസ്വാമി സൂചന 2 പ്രകാരം പാലക്കാട് ജില്ലാ പി.എസ്.സിയുടെ നിയമന ശുപാർശയുടേയും സൂചന 3 പ്രകാരമുള്ള പാലക്കാട് ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 26/11/1986 ന് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 06/1991 ൽ എം.ഒ.പി പരിക്ഷയിൽ യോഗ്യത നേടുകയും സൂചന 4 പകാരം പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. അപ്രകാരം സൂചന 5 പ്രകാരമുള്ള ക്ലാർക്ക്മാരുടെ 06/1986 മുതൽ 08/1990 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 51 -ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു. 01/2006 ലാണ് മറ്റ് വകുപ്പ്തല പരിക്ഷകളിൽ യോഗ്യത നേടിയത്. അതിന്റെ അടിസ്ഥാനത്തിൽ സൂചന 6 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. എന്നാൽ സീനിയർ ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല.

ശ്രീ.യു.സി.പൊന്നുസ്വാമി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോസ്ഥനായതിനാൽ കെ.എസ്. & എസ്.എസ്.ആർ ചട്ടം 13 (എ) 2 പ്രകാരം വകുപ്പ്തല പരിക്ഷകളിൽ യോഗ്യത നേടുന്നതിൽ നിന്നും 3 വർഷത്തെ ഇളവ് ലഭിക്കുന്നതാണ്. ടിയാൻ 01/2006 ലാണ് യോഗ്യത നേടിയതെങ്കിലും 01/2003 ന് ശേഷം ഉണ്ടാകുന്ന ഒഴിവിൽ പ്രമോഷന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.യു.സി.പൊന്നുസ്വാമി ജോലിയിൽ പ്രവേശിച്ച തീയതി വകുപ്പ്തല പരിക്ഷകളിൽ യോഗ്യത നേടിയ തീയതി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ തീയതി എന്നിവ പരിഗണിച്ച് സൂചന 7 പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 146 (എ) ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദ വിവരം തഴെ കൊടുക്കുന്നു.

| Sl. No | Name & Present Station | Date of Birth | Existing rank No.in the S.L of Clerk (1986-1990) | Existing rank No.in the S.L of Sr.Clerk | New Rank No. in the SL of Sr.Clerk (2000-2012) | Oualification | Remarks |
|---|---|---|---|---|---|---|---|
| 1 | Ponnuswamy. U.C | 25/05/1964 | 51 | Nil | 146 (A) | AT(L) 01/06 MOP 06/91 Probation 07/07/1991 | Belogs to SC/ST Rule 13 A2 KS&SSR |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ